# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2312

09.12.2014- ലെ മറുപടിക്ക്

**സഹകരണ ബാങ്കുകളിലെ വായ്പ്പാ പരിധി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി.പി. മുഹമ്മദ്**<br>**" ആർ. സെൽവരാജ്**<br>**,, എ.പി. അബ്ദുള്ളക്കുട്ടി**<br>**,, ബെന്നി ബെഹനാൻ** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ വായ്പ്പ പരിധി ഉയർത്തിയിട്ടുണ്ടോ ; | (എ) ഉണ്ട് |
| ബി) ഏതെല്ലാം ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന വ്യക്തിഗത വായ്പ്പാ പരിധിയാണ് ഉയർത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) പ്രാഥമിക കാർഷിക വായ്പ്പാ സഹകരണ സംഘങ്ങൾ /ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും അവയുടെ അംഗങ്ങൾക്ക് നൽകാവുന്ന വായ്പ്പാ പരിധിയാണ് ഉയർത്തിയിട്ടുള്ളത്. |
| സി) ഏതെല്ലാം തരം വായ്പ്പകൾക്കാണ് പരിധി ഉയർത്തിയിട്ടുള്ളത് ; | (സി) കാർഷികാനുബന്ധാവശ്യങ്ങൾക്കുള്ള വായ്പ്പ, വ്യവസായ വായ്പ്പ ഭൂസ്വത്ത് വാങ്ങുന്നതിനുള്ള വായ്പ്പ, പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പ്പ, സ്വർണ്ണപ്പണയ വായ്പ്പ, വിവാഹ വായ്പ്പ , ഭവന നവീകരണം/ ഭവന നിർമ്മാണ വായ്പ്പ , ( വീടും ഭൂസ്വത്തും വാങ്ങൽ - ഫ്ളാറ്റ് ഉൾപ്പെടെ) . വീട്ടുപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ്പ, ബിസിനസ്സ് വായ്പ്പ ,കുടുബശ്രീ/ എസ്.എച്ച് ജി വായ്പ്പ, സാധാരണ വായ്പ്പ (മോർട്ട്ഗേജ്), പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ മൂന്ന് സെന്റ് വരെ ഭൂമി ഉള്ളവർക്ക് ഭവനനിർമ്മാണത്തിനുള്ള വായ്പ്പ , വിദ്യാഭാസ സ്ഥാപനങ്ങൾക്കുള്ള വായ്പ്പ എന്നീ വായ്പ്പകളുടെ പരിധിയാണ് ഉയർത്തിയിട്ടുള്ളത്. |
| ഡി) വായ്പ്പാ പരിധി ഉയർത്തിയതു വഴി എന്തെല്ലാം നേട്ടങ്ങളാണ് വിവിധ വിഭാഗക്കാർക്ക് ലഭിക്കുന്നത്; വിശദാംശ ങ്ങൾ എന്തെല്ലാം? | (ഡി) വായ്പ്പാ പരിധി വർധിപ്പിച്ചതിനാൽ വിവിധ വിഭാഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്ക് മതിയായ തോതിൽ വായ്പ്പ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. അതുവഴി സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിച്ച് സാധാരണക്കാരെ സഹായിക്കുവാൻ സഹകരണ മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ